"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസം-മലപ്പുറം ജില്ലയിലെ പാങ്ങ് ഗവ. ഹയർ സെക്കന്ററി സ്കൂളിലെ എച്ച് എസ്സ് ടി (ഹിന്ദി) അദ്ധ്യാപികയായ ശ്രീമതി ഖദീജ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ സമർപ്പിച്ച QA (EKM) 350/2022 ഹർജിയിന്മേലുള്ള 08/03/2022 ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (എസ് സി) വകുപ്പ്

സ.ഉ.(സാധാ) നം.1229/2023/GEDN തീയതി,തിരുവനന്തപുരം, 10-02-2023

പരാമർശം:-

1. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ശ്രീമതി ഖദീജ സമർപ്പിച്ച QA (EKM) 350/2022 ഹർജിയിന്മേലുള്ള 08/03/2022 ലെ വിധിന്യായം
2. 17/8/2022 ലെ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ജി2/26051/2022 നമ്പർ കത്ത്
3. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20/8/2022 ലെ R3/3346/ 2020/ഡിജിഇ നമ്പർ കത്ത്.

<u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ പാങ്ങ് ഗവ. ഹയർ സെക്കന്ററി സ്കൂളിലെ എച്ച് എസ്സ് ടി (ഹിന്ദി) അദ്ധ്യാപികയായ ശ്രീമതി ഖദീജ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ സമർപ്പിച്ച QA (EKM) 35/2022 ഹർജിയിന്മേലുള്ള 08/03/2022 ലെ ഉത്തരവിൽ ഹർജിക്കാരിയെ നേരിൽ കേട്ട ശേഷം ഹർജിക്കാരിയുടെ അപേക്ഷ ഉത്തരവ് ലഭിച്ച് 3 മാസത്തിനകം തീർപ്പാക്കുന്നതിന് നിർദ്ദേശിച്ചതിൻ പ്രകാരം ഹർജിക്കാരിയുടെ അംഗീകൃത നോമിനിയേയും മറ്റു ബന്ധപ്പെട്ട കക്ഷികളേയും 19/08/2022 ന് നേരിൽ കേൾക്കുകയുണ്ടായി.

2. നിലവിൽ മലപ്പുറം ജില്ലയിലെ പാങ്ങ് ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ ഹൈസ്കൂൾ വിഭാഗം ഹിന്ദി അധ്യാപികയായി ജോലി ചെയ്തു വരുന്ന ഹർജിക്കാരിയുടെ ആദ്യ നിയമനം കണ്ണൂർ ജില്ലയിൽ 08.10.1996 മുതൽ പാർട്ട് ടൈം തസ്തികയിൽ ആയിരുന്നു. 22.07.1998 മുതൽ ജൂനിയർ ഫുൾ ടൈം താൽക്കാലിക ഹിന്ദി അധ്യാപികയായി സ്ഥാനക്കയറ്റം അനുവദിച്ചുകൊണ്ടും 22.07.1999 മുതൽ ഈ സ്ഥാനക്കയറ്റത്തെ ക്രമവൽക്കരിച്ചുകൊണ്ടും കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും ഹർജിക്കാരിയ്ക്ക് യാതൊരുവിധ അറിയിപ്പോ ഉത്തരവിന്റെ പകർപ്പോ ലഭിച്ചിട്ടില്ലെന്നും പിന്നീട്, 03.10.2000ന് സ്ഥാനക്കയറ്റം ലഭിച്ച തസ്തികയിൽ പ്രവേശിക്കുകയും ചെയ്തു. അതുപ്രകാരം 22.07.1998 മുതൽ ജോലിയിൽ പ്രവേശിച്ച 03.10.2000 വരെയുള്ള സർവ്വീസ് നോഷണലായി അനുവദിച്ചുകൊടുക്കുന്നതിന് ഉത്തരവായിരുന്നു. ഹർജിക്കാരിയുടേതല്ലാത്ത കാരണത്താൽ വന്ന ഈ നോഷണൽ സർവ്വീസ്, അക്കാലയവിലെ ശമ്പളം വാങ്ങുന്നതിന് മാത്രം നോഷണലായും തുടർന്നു വരുന്ന ഇൻക്രിമെന്റ്, വെയ്റ്റേജ്, പേ റിവിഷൻ, പെൻഷൻ തുടങ്ങിയ മുഴുവൻ സർവ്വീസ് കാര്യങ്ങൾക്കും

സാമ്പത്തികാനുകൂല്യങ്ങളോടെ അനുവദിച്ച് നൽകേണ്ടതാണെന്നും ബഹു. കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് ഡബ്ല്യു.എ.158/2000 വിധിന്യായത്തിൽ സമാനമായി പരിഗണിച്ച ഒരു കേസിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളതിനാലും ഹർജിക്കാരിയുടെ നോഷണൽ സർവ്വീസ് പരിഗണിച്ച്, മറ്റ് സർവ്വീസ് ആനുകൂല്യങ്ങൾ നൽകിയതിനെ തടസ്സപ്പെടുത്തിയ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവിനെ റദ്ദാക്കിക്കൊണ്ട്, ആനുകൂല്യങ്ങൾ തുടർന്നും അനുവദിച്ചുനൽകുന്നതിന് അടിയന്തിര നിർദ്ദേശം നൽകണമെന്നും 08.10.1996 മുതൽ 21.07.1998വരെയുള്ള ഹർജിക്കാരിയുടെ പാർട്ട് ടൈം സർവ്വീസ് കണക്കിലെടുത്ത് അനുവദിച്ച സേവനാനുകൂല്യങ്ങൾ 960195/- രൂപയായി കണക്കാക്കി, മക്കരപ്പറമ്പ് സബ് ട്രഷറിയിൽ 09.10.2020ന് അടച്ച ചലാന്റെ അസ്സൽ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ മുമ്പാകെ ഹാജരാക്കിയിട്ടുള്ളതാണെന്നതിനാൽ, ഇതു സംബന്ധിച്ച തടസ്സവാദം ഇപ്പോൾ നിലനിൽക്കുന്നില്ല എന്നുമാണ് ഹർജിക്കാരിയുടെ വാദം.

3. സർക്കാർ ഈ വിഷയം നിലവിലെ ചട്ടങ്ങൾ, ഉത്തരവുകൾ, ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടുകൾ, ഹിയറിംഗ് വേളയിലെ വാദഗതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു. ജി.എച്ച്.എസ്, പാങ്ങിൽ 07/04/2015 മുതൽ 31/03/2018 വരെ കാലയളവിൽ നടത്തിയ പരിശോധനാ റിപ്പോർട്ടിന്മേൽ ടി സ്കൂളിൽ അധ്യാപികയായ ശ്രീമതി.ഖദീജ.ടി, എച്ച്.എസ്.ടി (ഹിന്ദി) യുടെ പാർട്ട് ടൈം സേവനം കണക്കിലെടുത്ത് ശമ്പള നിർണ്ണയങ്ങൾ, ഗ്രേഡുകൾ എന്നിവ അനുവദിച്ചത് ക്രമപ്രകാരമല്ല എന്നും 2014 ശമ്പള നിർണ്ണയത്തിന് 17 വർഷത്തെ വെയ്റ്റേജ് കണക്കാക്കിയത് ക്രമപ്രകാരമല്ല എന്നതിനാൽ ശമ്പള നിർണ്ണയങ്ങൾ, ഗ്രേഡുകൾ എന്നിവ പുനക്രമീകരിച്ച് അധികം കൈപ്പറ്റിയ തുക തിരിച്ചടക്കാൻ തടസ്സവാദം ഉന്നയിച്ചിരുന്നു. ശ്രീമതി.ഖദീജ.ടി ക്ക് കണ്ണൂർ ജില്ലയിൽ പി.എസ്.സി വഴി എ2/22980/1996 തിയതി 30/09/1996 നമ്പർ ഉത്തരവ് പ്രകാരം ജി.എം.യു.പി.എസ്, തെക്കുംപാട്-ൽ ജെ.എൽ.ടി (ഹിന്ദി) പാർട്ട് ടൈം അധ്യാപികയായി നിയമനം ലഭിച്ചു. 08/10/1996 മുതൽ ടിയാൾ ജോലിയിൽ പ്രവേശിച്ചു. കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഏ2/22913/1997 തീയതി 08/07/1998 പ്രകാരം ടിയാരിയെ ജെ.എൽ.ടി (ഹിന്ദി) പാർട്ട് ടൈം- ൽ നിന്നും ഉദ്യോഗക്കയറ്റം നൽകി ജെ.എൽ.ടി (ഹിന്ദി) ഫുൾ ടൈം ആയി ജി.എം.യു.പി.എസ്, പുവൻചാൽ -ലേക്ക് സ്ഥാനക്കയറ്റ സ്ഥലംമാറ്റം നൽകി. എന്നാൽ ടിയാരി ഉദ്യോഗക്കയറ്റം ലഭിച്ച സ്കൂളിൽ പ്രവേശിക്കാതിരുന്നതിനാൽ കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് നമ്പർ എ2/22913/1997 തീയതി 14/09/2000 പ്രകാരം ജി.ജി.എച്ച്.എസ്, ചെറുകുന്നിലേക്ക് ഉദ്യോഗക്കയറ്റത്തോടെ സ്ഥലമാറ്റം നൽകി (ഉത്തരവ് ലഭിച്ചിട്ടില്ലാത്തതു കാരണം ഉദ്യോഗക്കയറ്റം ലഭിച്ച സ്കൂളിൽ പ്രവേശിക്കാൻ കഴിഞ്ഞില്ല എന്ന അപേക്ഷയിന്മേൽ) ജോലിയിൽ പ്രവേശിച്ച തീയതി മുതൽ മാത്രമേ മോണിറ്ററി ബെനിഫിറ്റിന് അർഹതയുള്ളൂ എന്ന് ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ടിയാരി 03/10/2000 മുതലാണ് പ്രസ്തുത സ്കൂളിൽ പ്രവേശിച്ചത്. ആയതിനാൽ ടിയാരിക്ക് 03/10/2000 മുതൽ മാത്രമെ ഫുൾടൈം സേവനക്കാലമുള്ളൂ. പിന്നീട് കണ്ണൂർ വിദ്യാഭ്യാസ ഉപഡയറക്ടറുടെ 01/07/2003 ലെ എ2/41680/1998 പ്രകാരം ജി.ജി.എച്ച്.എസ്, മാടായിലേക്ക് എച്ച്.എസ്.ടി(ഹിന്ദി) അധ്യാപികയായി ഉദ്യോഗക്കയറ്റം നൽകുകയും, 23/10/2002 മുതൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. അതിനുശേഷം മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ എ2/9390/2009 തീയതി 30/01/2010 പ്രകാരം അന്തർ ജില്ലാ സ്ഥലം മാറ്റം വഴി ജി.എച്ച്.എസ്.എസ്, പാങ്ങിൽ നിയമിച്ചു. 10/02/2010 മുതൽ ടി സ്കൂളിൽ തുടരുന്നു.

3. തടസ്സവാദത്തിനെതിരെ ടിയാരി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അപ്പീൽ

സമർപ്പിച്ചിട്ടുണ്ട് എന്ന് അറിയിക്കുകയും, ടിയാരി 2014 ശമ്പള പരിഷ്കരണം പാർട്ട് ടൈം സേവനം കൂടി വെയ്റ്റേജിന് കണക്കാക്കി നിർണ്ണയിച്ചത് പുന:ക്രമീകരിച്ച്, ഈ ഇനത്തിൽ അധികം വാങ്ങിയ 96195/- രൂപ തിരിച്ചടക്കുകയും ചെയ്തു. ടിയാരി അപ്പീൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ആവശ്യപ്പെടുകയും വിശദമായ റിപ്പോർട്ട് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ ടിയാരിയുടെ അപ്പീൽ നിരസിച്ചിട്ടുമുണ്ട്. ശ്രീമതി.ഖദീജ.ടി എന്നവർക്ക് 2004, 2009 ശമ്പള പരിഷ്കരണങ്ങളും, ഗ്രേഡുകളും ടി പാർട്ട് ടൈം സർവ്വീസ് കൂടി പരിഗണിച്ചാണ് അനുവദിച്ചിട്ടുള്ളത്. ആയവയൊന്നും പുനഃക്രമീകരിക്കുകയോ, അധികം വാങ്ങിയ തുക തിരിച്ചടക്കുകയോ ചെയ്തിട്ടില്ല. ടിയാരി ഫുൾ ടൈം ജൂനിയർ (ഹിന്ദി) ആയി ഉദ്യോഗക്കയറ്റം ലഭിച്ച് ജോലിയിൽ പ്രവേശിച്ച തീയതി (03/10/2000) മുതൽക്ക് മാത്രമേ മോണിറ്ററി ബെനിഫിറ്റിന് അർഹതയുള്ളൂ എന്ന് ഉത്തരവിൽ പരാമർശിക്കുന്നുണ്ട്. എന്നാൽ ഉദ്യോഗക്കയറ്റം ലഭിക്കുകയും ജോലിയിൽ പ്രവേശിക്കാതിരിക്കുകയും ചെയ്ത കാലയളവ് ഫുൾ ടൈം സർവ്വീസ് ആയി പരിഗണിക്കാൻ കഴിയില്ല, ടിയാരി ഉദ്യോഗക്കയറ്റം ലഭിക്കുകയും ജോലിയിൽ പ്രവേശിക്കാതിരിക്കുകയും ചെയ്ത സ്കൂളിലും കാലയളവും പരിഗണിച്ചാണ് സർവ്വീസ് ക്രമീകരിച്ച് നൽകിയിരിക്കുന്നത്. പൊതുവിദ്യാഭ്യാസ ഡയറക്ടർ ടിയാരിയുടെ അപ്പീൽ നിരസിച്ചതിനാൽ തടസ്സവാദം ഇപ്പോഴും നിലനിൽക്കുന്നുവെന്നും മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ പരാമർശം 2 പ്രകാരം അറിയിച്ചിട്ടുണ്ട്.

4. മലപ്പുറം ഗവൺമെന്റ് എച്ച്.എസ്.എസ്.പാങ്ങ് -ലെ എച്ച്.എസ്.എ ശ്രീമതി.ഖദീജ.ടി. യ്ക്ക് പാർട്ട് ടൈം സേവനം കൂടി കണക്കിലെടുത്ത് ഗ്രേഡ്, വെയ്റ്റേജ് എന്നിവ അനുവദിച്ചതിൽ മലപ്പുറം വിദ്യാഭ്യാസ ഉപ ഡയറക്ടർ തടസ്സവാദം ഉന്നയിക്കുകയും അധികമായി കൈപ്പറ്റിയ തുക തിരിച്ചടക്കുവാൻ നിർദേശിക്കുകയും ചെയ്തിരുന്നു. ആഡിറ്റ് തടസ്സ വാദം നീക്കുന്നതിനായി വസ്തുതകൾ ബോധിപ്പിച്ചു കൊണ്ട് അപേക്ഷ സമർപ്പിച്ചു എങ്കിലും തടസ്സ വാദം നീക്കുകയുണ്ടായില്ല. വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ ഈ നടപടിക്കെതിരെയാണ് അധ്യാപിക അപ്പീൽ സമർപ്പിച്ചത് ശ്രീമതി.ഖദീജ യ്ക്ക് 08.10.1996 മുതൽ പാർട്ട് ടൈം സർവീസ് ഉണ്ട്. 03.10.2020 മുതലാണ് ഫുൾ ടൈം സർവീസ് തുടങ്ങുന്നത്. 2004, 2009 ശമ്പള പരിഷ്കരണങ്ങളും തുടർന്നുള്ള സമയബന്ധിത ഗ്രേഡുകളും മുൻകാല പാർട്ട് ടൈം സർവീസ് കൂടി പരിഗണിച്ചാണ് അനുവദിചിട്ടുള്ളത്.അവയൊന്നും പുന ക്രമീകരിക്കുകയോ അധികം വാങ്ങിയ തുക തിരിച്ചടക്കുകയോ ചെയ്തിട്ടില്ല. ആകെ ചെയ്തിരിക്കുന്നത് വെയ്റ്റേജ് സംബന്ധിച്ച തടസ്സ വാദം പരിഹരിക്കുക മാത്രമാണ്. ശമ്പള പരിഷ്കരണത്തിലും ഗ്രേഡിലും വാങ്ങിയ അധിക ശമ്പളം തിരിച്ചടച്ചിട്ടില്ല. ധന വകുപ്പ് സർക്കുലർ നം.46/2008/Fin dated 08.08.2008 പാര 19 പ്രകാരം "Part time service will not be reckoned as qualifying service for time bound higher grade promotions in full time post". ആയതിനാൽ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ ഉന്നയിച്ച തടസ്സവാദം നിലനിൽക്കുന്നു. ഈ സാഹചര്യത്തിൽ ആണ് ശ്രീമതി.ഖദീജ.ടി സമർപ്പിച്ച അപ്പിൽ നിരസിച്ചതെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. മേൽ സാഹചര്യത്തിൽ, കെ എസ് ആർ ഭാഗം 1 ചട്ടം 23 എ പ്രകാരം ഒരു തസ്തികയിൽ ജോലി പ്രവേശിക്കുന്ന തീയതി പ്രാബല്യത്തിൽ മാത്രമേ ടി തസ്തികയിലെ ശമ്പളത്തിനും, ആനുകൂല്യത്തിനും ജീവനക്കാരന് അർഹതയുള്ളു. ശ്രീമതി.ഖദീജ, 22.07.1998 മുതൽ 03.10.2000 വരെയുള്ള കാലയളവിൽ ഫുൾ ടൈം ആയി ജോലിയിൽ പ്രവേശിക്കുകയോ ടി തസ്തികയുടെ ജോലി നിർവ്വഹിക്കുകയോ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ ടി കാലയളവിൽ

ശ്രീമതി.ഖദീജയ്ക്ക് പാർട്ട് ടൈം ജൂനിയർ ഹിന്ദി തസ്തികയിലെ ആനുകൂല്യങ്ങൾക്ക് മാത്രമേ അർഹതയുള്ളൂ. 22.07.1998 മുതൽ 03.10.2000 വരെയുള്ള കാലയളവിൽ പാർട്ട് ടൈം ജൂനിയർ ഹിന്ദി തസ്തികയിലെ ആനുകൂല്യങ്ങൾക്ക് മാത്രമേ അർഹതയുള്ളൂ എന്നതിനാൽ ഹർജിക്കാരിയുടെ ഹർജിയിലെ ആവശ്യം നിരസിച്ചു കൊണ്ട് ഉത്തരവാകുന്നു.

ഇപ്രകാരം പരാമർശം 1 ലെ വിധിന്യായം പാലിച്ചിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA.S.GEORGE
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ , എറണാകുളം( ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, മലപ്പുറം (സേവന പുസ്തകം സഹിതം)
ശ്രീമതി ഖദീജ,എച്ച് എസ് എ , ഗവൺമെന്റ് എച്ച് എസ് എസ്, പാങ്ങ് , മലപ്പുറം
പ്രിൻസിപ്പൽ, ഗവൺമെന്റ് എച്ച് എസ് എസ്, പാങ്ങ് , മലപ്പുറം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Mini.t.r.
സെക്ഷൻ ഓഫീസർ
Date: 13-02-2023 15:16:16